**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 31** **11-06-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖത്തിൽ നിന്നുള്ള ചരക്കു നീക്കം സുഗമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ആൻസലൻ,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തുനിന്നുള്ള ചരക്കു നീക്കം സുഗമമാക്കുന്നതിനായി എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കാനാണ് സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമായും ഒരു ആഴക്കടൽ കണ്ടെയ്നർ ട്രാൻഷിപ്പ്മെന്റ് പോർട്ട് ആണ്. തുറമുഖത്തു കൈകാര്യം ചെയ്യുന്ന ചരക്കുകളുടെ ഏകദേശം 16% കരമാർഗം നടക്കുമെന്ന് കണക്കാക്കുന്നു. ഇതിനായി റോഡ് സംവിധാനവും റെയിൽ സംവിധാനവും വിഭാവനം ചെയ്തിട്ടുണ്ട്. റോഡിന്റെ പണികൾ അന്തിമ ഘട്ടത്തിലാണ്. റെയിൽവെയുടെ പണികൾക്ക് പാരിസ്ഥിതിക അനുമതി ലഭിക്കുകയും അതിന്റെ പ്രൊജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ) ദക്ഷിണ റെയിൽവേ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. റെയിൽവേയുടെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലത്തിന്റെ ഏറ്റെടുക്കൽ നടപടികൾ നടന്നുവരുന്നു. |
| (ബി) | ചരക്കുനീക്കത്തിലെ നിലവിലെ പരിമിതികൾ പരിഹരിക്കുന്നതിന് ഏതെല്ലാം റോഡുകളുടെ വികസന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | തുറമുഖത്തെ NH-66 മായി ബന്ധിപ്പിക്കുന്ന 1.7 കിലോമീറ്റർ റോഡിന്റെ പണികൾ അന്തിമഘട്ടത്തിലാണ്. NH -മായി ബന്ധിപ്പിക്കുന്ന ജംഗ്ഷന്റെ രൂപരേഖയ്ക്ക് അംഗീകാരം നൽകുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റി (PIC) ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ ഇത് പൂർത്തികരിച്ച് പ്രവർത്തന ക്ഷമമാകുന്നതുവരെ ചരക്കു നീക്കത്തിനുള്ള ഒരു താൽക്കാലിക സംവിധാനം സംബന്ധിച്ച ചർച്ചകൾ NH അധികാരികളുമായി നടന്നുവരുന്നു. |
| (സി) | നിർദ്ദിഷ്ട വിഴിഞ്ഞം-ബാലരാമപുരം ഭൂഗർഭ റെയിൽപ്പാതയുടെ ഡി.പി.ആർ.ന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; | (സി) | നിർദിഷ്ട ഭൂഗർഭ പാതയുടെ ഡി.പി.ആറിന് ദക്ഷിണ റെയിൽവേയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. തുടർന്ന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷൻ ആയിട്ടുള്ള പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മറ്റിയുടെ (PIC) അംഗീകാരം നൽകുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ഭൂഗർഭ റെയിൽപ്പാതയ്ക്കായി ഏറ്റെടുക്കേണ്ടി വരുന്ന സ്ഥലത്തിന്റെയും പ്രതീക്ഷിക്കുന്ന ചെലവിന്റെയും വിശദാംശം ലഭ്യമാക്കാമോ? | (ഡി) | നിർദിഷ്ട ഭൂഗർഭ റെയിൽപാത വഴി ബാലരാമപുരം സ്റ്റേഷനും തുറമുഖവുമായി ബന്ധിപ്പിക്കുന്നതിനു ബാലരാമപുരം, അതിയന്നൂർ, പള്ളിച്ചൽ, വിഴിഞ്ഞം എന്നീ നാലു വില്ലേജുകളിലായി ആകെ 5.53 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതായി വരുന്നു. ഇതിനായി ഏകദേശം 198 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ